**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2494 | 07.10.2016-ൽ മറുപടിയ്ക്ക് |
|---|---|

**സമ്പൂർണ്ണ ശുചിത്വ പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ ആർ. രാമചന്ദ്രൻ** | | **ശ്രീ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | സമ്പൂർണ്ണ ശുചിത്വ പദ്ധതിയുടെ ഭാഗമായി സംസ്ഥാനം സമ്പൂർണ്ണ ഒ.ഡി.എഫ്. (ഓപ്പൺ ഡിഫക്കേഷൻ ഫ്രീ) ആയി പ്രഖ്യാപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള തീയതി വ്യക്തമാക്കുമോ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | 2016 നവംബർ 1 ന് ഗ്രാമപ്രദേശങ്ങളുടെയും, 2017 മാർച്ച് 31 ന് നഗര പ്രദേശങ്ങളുടെയും ഒ.ഡി.എഫ് (ഓപ്പൺ ഡെഫീക്കേഷൻ ഫ്രീ) പ്രഖ്യാപനം നടത്തുവാനാണ് തീരുമാനി ച്ചിട്ടുളളത്. |
| (ബി) | ഇതിനായി വിനിയോഗിക്കുന്ന ഫണ്ടിന്റെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയെന്ന് വിശദമാക്കുമോ; | (ബി) | കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിഹിതം 60:40 എന്ന അനുപാതത്തിലാണ്. സ്വച്ഛ്ഭാരത് മിഷൻ പദ്ധതി പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ 2557.67 ലക്ഷം രൂപയും, 2016-17 സാമ്പത്തിക വർഷത്തിൽ 2498 ലക്ഷം രൂപയും ശുചിത്വമിഷന് നൽകിയിട്ടുണ്ട്. |
| (സി) | നാളിതുവരെ ഏതെല്ലാം ജില്ലകൾ സമ്പൂർണ്ണ ഓ.ഡി.എഫ്. ജില്ലകളായി പ്രഖ്യാപിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) | നാളിതുവരെ തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ ഗ്രാമപ്രദേശങ്ങളും മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ നഗരസഭയും ഇടുക്കി ജില്ലയിലെ കട്ടപ്പന നഗരസഭയും സമ്പൂർണ്ണ ഒ.ഡി.എഫ് ആയി സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ഡി) | ശൗചാലയങ്ങളില്ലാത്തവർക്ക് ഈ പദ്ധതി പ്രകാരം നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഡി) | ശൗചാലയങ്ങളില്ലാത്തവർക്ക് ഈ പദ്ധതി പ്രകാരം വ്യക്തിഗത ഗാർഹിക ശൗചാലയം നിർമ്മിച്ചു നൽകുന്നു. ഒരു വ്യക്തിഗത ഗാർഹിക ശൗചാലയത്തിന് 15400/- രൂപയാണ് യൂണീറ്റ് കോസ്റ്റ്. ഗ്രാമപഞ്ചായത്തുകളിലെ ദുർഘടപ്രദേശങ്ങളായി കണ്ടെത്തിയയിടങ്ങളിൽ കൂടുതൽ തുക ആവശ്യമായി വരുന്ന പക്ഷം ചെലവാകപ്പെടുന്ന അധികതുക കൃത്യമായി വിലയിരുത്തി അനുവദിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ